# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാചോദ്യം നം.295** — **26-09-2011- ൽ മറുപടിയ്ക്ക്**

## ഹൗസിംഗ് ബോർഡിന്റെ ഭവനനിർമ്മാണ പദ്ധതി

| **ചോദ്യം**<br>ശ്രീ. എ.എ.അസീസ് | **ഉത്തരം**<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡു വഴി പുതിയ ഭവന പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) 2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തുക വകയിരുത്തിയിട്ടുണ്ട്.<br>1. **ഇന്നോവേറ്റീവ് (അത്താണി) ഭവന പദ്ധതി**<br>നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരാതിർത്തിൽയിൽത്തന്നെ നാമമാത്രമായ വാടകയ്ക്ക് താമസസൗകര്യം ഒരുക്കുന്നതിനുവേണ്ടി 400 ലക്ഷം രൂപ വിനിയോഗിച്ച് തൃശ്ശൂർ കുട്ടനെല്ലൂരിലും, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപവും 24 ഫ്ളാറ്റുകൾ വീതം നിർമ്മിക്കുന്ന പദ്ധതിയാണിത്.<br>2. **പ്രവാസി ഭവന പദ്ധതി :** പ്രവാസി തൊഴിലാളികൾക്ക് ബോർഡിൻെറഉടമസ്ഥതയിൽ കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപവും തൃശ്ശൂർ മുളങ്കുന്നത്തുകാവിലും ഫ്ളാറ്റുകൾ നിർമ്മിച്ചു വില നിശ്ചയിച്ചു വിൽക്കുന്നതിനുള്ള പദ്ധതിയാണിത്. |

3. **സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി:** ദേവികുളത്തും, പാലക്കാടും, കാസർഗോഡും സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ദേവികുളത്ത് 12 ഫ്ളാറ്റുകളും കാസർഗോഡ് 16 ഫ്ളാറ്റുകളുമാണ് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. പാലക്കാട് വാടകവീട് പദ്ധതി രൂപകൽപന ചെയ്തു വരുന്നു.

4. **തിരുവനന്തപുരത്ത് അമ്പലനഗറിൽ ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ :** ഗ്രീൻ ബിൽഡിംഗ് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് തിരുവനന്തപുരത്ത് അമ്പലനഗറിൽ ഫ്ളാറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

5.**കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി:**
കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയിലൂടെ 333 വീടുകൾ നിർമ്മിക്കുവാനും നിലവിലുള്ള 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുവാനും, കൂടാതെ കോളനിയിലെ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 6 Mini Industrial Unit- കൾ നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നു.

6. **സാഫല്യം ഭവനപദ്ധതിഃ** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കായി 10000 വീടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. ഇതിനായി ബഡ്ജറ്റിൽ 10

കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഹൗസിംഗ് ബോർഡ് നടപ്പിലാക്കിയിരുന്ന മൈത്രി ഭവന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | ബി) | 1996-2001 കാലഘട്ടത്തിൽ ഹൗസിംഗ് ബോർഡ് നടപ്പിലാക്കി വന്ന മൈത്രി ഭവന പദ്ധതി ഇപ്പോൾ നിലവിലില്ല. |
| സി) | ഹൗസിംഗ് ബോർഡിൻെറ പണി പൂർത്തീകരിച്ച ഫ്ളാറ്റുകൾ എത്രയെണ്ണമെന്നും അവ എവിടെ യെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | സി) | ഹൗസിംഗ് ബോർഡിൻെറ പണി പൂർത്തീകരിച്ച 3066 ഫ്ളാറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

**തിരുവനന്തപുരം ജില്ല.**

| | |
|---|---|
| പി.റ്റി.പി.നഗർ | 36 |
| പ്രശാന്ത് നഗർ | 84 |
| വൃന്ദാവൻ | 299 |
| ഇ.എം.എസ്.നഗർ, പാറ്റൂർ | 198 |
| പണ്ഡിറ്റ്സ് കോളനി | 120 |
| പി.റ്റി. ചാക്കോ നഗർ | 196 |
| ടാഗോർ ഗാർഡൻസ് | 18 |
| പട്ടം സി.ആർ.സി. | 20 |
| എൻ.സി.സി.റോഡ് (വർക്കിംഗ് ജേർണലിസ്റ്റ്) | 54 |
| പുന്നയ്ക്കൽതോപ്പ് )സൈറ്റ് എ, ബി) | 254 |
| നാലാഞ്ചിറ | 108 |
| ബാലരാമപുരം | 184 |
| **ആകെ** | 1571 |

**കൊല്ലം ജില്ല.**

| | |
|---|---|
| ചിന്നക്കട | 24 |

| | |
|---|---|
| **എറണാകുളം ജില്ല** | |
| കലൂർ | 210 |
| ഇളംകുളം | 48 |
| ആലുവ | 108 |
| T.D. റോഡ് | 14 |
| തൃക്കാക്കര | 84 |
| പെരുമ്പാവൂർ | 54 |
| **ആകെ** | 518 |
| **തൃശ്ശൂർ ജില്ല** | |
| അയ്യന്തോൾ | 96 |
| ഗുരുവായൂർ | 12 |
| ചുങ്കം | 48 |
| പുല്ലഴി | 64 |
| **ആകെ** | 220 |
| **കോഴിക്കോട് ജില്ല** | |
| ചക്കോരത്തുകുളം | 90 |
| ബിലാത്തിക്കുളം | 250 |
| ഈസ്റ്റ്ഹിൽ | 198 |
| ചേവരമ്പലം I | 5 |
| ചേവരമ്പലം III | 60 |
| **ആകെ** | 603 |
| **കണ്ണൂർ ജില്ല** | |
| ചിറയ്ക്കൽ | 16 |
| **കാസർഗോഡ് ജില്ല** | |
| മുട്ടത്തൊടി | 114 |
| **ആകെ** | **3066** |

| | | | |
|---|---|---|---|
| ഡി) | ഹൗസിംഗ് ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ? | ഡി) | ഉണ്ട്. 31.03.2011 ലെ കണക്കു പ്രകാരം ഏതാണ്ട് 507 കോടി രൂപ നഷ്ടത്തിലാണ് ഹൗസിംഗ് ബോർഡ് പ്രവർത്തിക്കുന്നത്. |

Indulekha S

**സെക്ഷൻ ഓഫീസർ**